പഞ്ചായത്താഫീസറന്മാർ.

* 626 [26] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ :

(എ) പഞ്ചായത്താഫീസറന്മാരെ നിയമിച്ചിട്ടുള്ളത് ഏതടിസ്ഥാനത്തിലാണ് ;

(ബി) പഞ്ചായത്തുകളിൽ ജോലി നോക്കുന്ന പരീക്ഷായോഗ്യതയുള്ള ക്ലാർക്കന്മാരെ നിയമിക്കുന്നതിന് പ്രത്യേക പരീക്ഷാ നിയമനക്കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ ;

(സി) പഞ്ചായത്താഫീസറന്മാരുടെ ജോലികളും അധികാരങ്ങളും കൺഫ്യൂഷ്പ്പെടുത്തിയിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) സർ, ഈ ചോദ്യത്തിന് പല പ്രാവശ്യം ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. പി. ഗോപാലൻ : (ബി)-യുടേയും (സി)-യുടേയും ഉത്തരം കിട്ടണം ?

ശ്രീ. കെ. കൊച്ചുകുട്ടൻ : (ബി) നിശ്ചിത പരീക്ഷായോഗ്യതയുള്ളവരിൽ 45 വയസ്സിൽ കുറയാത്തവരും പഴയ തിരുവിതാംകൂർ സംസ്ഥാനത്തിൽപ്പെട്ട പഞ്ചായത്തുകളിലേയും വില്ലേജ്യൂണിയനുകളിലേയും ജീവനക്കാരും ആയവരെ പഞ്ചായത്താഫീസറന്മാരായി നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 1950-ലെ തിരുവിതാംകൂർ-കൊച്ചി പഞ്ചായത്താക്ട് 25-ാംവകുപ്പനുസരിച്ച് പഞ്ചായത്താഫീസറന്മാരുടെ ജോലികളും അധികാരങ്ങളും ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് അഡ്വൈസറി കമ്മിറ്റി.

* 627 [27] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോവാപ്പറേറ്റീവ് അഡ്വൈസറി കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(സി) ഈ കമ്മിറ്റി അംഗമായിരിക്കുന്നതിനുള്ള യോഗ്യതകളെന്തെല്ലാമാണ് ;

(ഡി) ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കോവാപ്പറേറ്റീവ് അഡ്വൈസറി കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) കൗൺസിലിലെ അംഗങ്ങളുടെ പേരുവിവരം മേടിയിൽ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly